# ഗവ.ഹൈസ്ക്കൂൾ ചെറിയഴീക്കൽ

## ഡിജിറ്റൽ മാഗസിൻ

# ഇ മൊഴി



# ആശംസ

## ഹെഡ്മിസ്ട്രസ്



  അക്ഷരങ്ങൾ എന്നും അത്ഭുതങ്ങൾ സൃഷ്ട്ടിക്കുന്നവയാണ് . പുതിയ പുതിയ അത്ഭുതങ്ങൾ സൃഷ്ടിച് മുന്നേറുവാൻ ഇ മൊഴി എന്ന ഡിജിറ്റൽ മാഗസിനു കഴിയട്ടെ എന്ന് ആശംസിക്കുകയും ഇതിന് ഇതിന് മുൻകൈയെടുത്ത ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് അഭിനന്ദനങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു.

H M
Preetha LS

# ആശംസ

## പി.ടി .എ പ്രസിഡന്റ്



ചെറിയഴിക്കൽ GVHSS ലെ 2023-24 അദ്ധ്യായന വർഷത്തിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന് " ഇ മൊഴി " എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നും എന്ന് അറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. ഈ പുതിയ സംരഭത്തിന് വർത്തമാനകാലഘട്ടത്തിൽ ഏറെ പ്രസ്ക്തിയുണ്ട്. തങ്ങളുടെ സർഗ്ഗാത്മകതമായ കലാസൃഷ്ടി കളെ നൂതന സാങ്കേതികവിദ്യയുടെ പിൻബലത്തിൽ "ഇ മൊഴി " യിൽ കോറിയിട്ടത് അതിൻ്റെ തെളിവാണ്. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും തൂലിക തുമ്പിൽ നിന്നും ഉതിർന്ന ജ്വലിക്കുന്ന അക്ഷരങ്ങളാൽ ഉടലെടുത്തതാണ്" ഇ മൊഴി " എന്ന ഡിജിറ്റൽ മാഗസിൻ ' അക്ഷരങ്ങൾക്ക് അതിർവരമ്പുകളില്ല, അവരുടേതായ സർഗ്ഗസൃഷ്ടികളെ വെള്ള കടലാസ്സിലേയ്ക്ക് വരച്ചിട്ടതാണ് " ഈ മൊഴി " വിദ്യാഭ്യാസ കാലഘട്ടത്തിലെ പരിഭവങ്ങളും സൗഹൃദങ്ങളും , സ്നേഹവും നൊമ്പരവും അവരുടെ നിറക്കൂട്ടുകളെയും ഒരേ ചരടിൽ കോർത്തിണക്കി രചിച്ച "ഇ മൊഴി " ഈ അക്ഷര മുത്തശ്ശിയുടെ നാൾ വഴിയിൽ ഒരു മുതൽ കൂട്ടാകും എന്ന് ഞാൻ വിശ്വസിക്കുന്നു. എൻ്റെ പ്രിയപെട്ട എല്ലാ വിദ്യാർത്ഥികൾക്കും അവർക്ക് വേണ്ട പ്രോത്സാഹനങ്ങൾ നൽകി ഈ സംരഭത്തെ മികവുറ്റതാക്കിയ പ്രിയപെട്ട അദ്ധ്യാപകർക്കും എൻ്റെ പേരിലും PTA യുടെ പേരിലുള്ള എല്ലാവിധ ആശംസകളും നേരുന്നു

" നന്മ വരട്ടെ"
എന്ന്
സ്നേഹപൂർവ്വം
ലേജ്ജ - എ
പി ടി എ . പ്രസിഡൻ്റ്

# MY FRIEND

My best friend in my sleep
The person who gave me wings
The one who motivate me always
The person who gave me ways
And my most favourite person

I am always free in your land
And I can do whatever I want
My best friend in my sleep
The one I trust the most
You are the fantasy in my world
And I am a hero in your world
You can always feel my mind
With great and good thoughts
You make me smile even in my sad times
You are my biggest role model
You always want me to achieve my dreams...
You inspire me...
Always to do good deeds



Sometimes you appear in a scary horror way
Sometimes you will scold me too..
Be bold as a women
You are the only one I can trust in this world of lies
You are my gift send by God
You always give me wings to fly in my fantasy
You are my best friend the only one I can trust



LEKSHMI KRISHNA - 9B

ഇ മൊഴി

# രാജകുമാരനും ദരിദ്രനും

## ആസ്വാദനക്കുറിപ്പ്

രാജകുമാരനും ദരിദ്രനും എന്ന മാർക്ക് ടെയിൻ പുസ്തകത്തിൻറെ ദീപേഷ് കെ രവീന്ദ്രനാഥ് എഴുതിയ വിവർത്തനമാണ് ഞാൻ വായിച്ച പുസ്തകം 33 ചെറുകഥകൾ അടങ്ങിയ ഈ പുസ്തകത്തിലെ ആദ്യത്തെ ചെറുകഥയുടെ പേരാണ് പുസ്തകത്തിന് നൽകിയിരിക്കുന്നത്

കൊടിയ ദാരിദ്ര്യവും പട്ടിണിയും സഹിച്ച് പിച്ച തെണ്ടി ജീവിക്കുന്ന ടോം കെൻ്റിയുടെയും വെയിൽസ് രാജകുമാരനായ എഡ്വേർഡിന്റെയും കഥയാണ് രാജകുമാരനും ദരിദ്രനും. ഒരേ രൂപസാദൃശ്യമുള്ള ഇരുവരും വേഷം മാറിയപ്പോൾ അവരുടെ ദൈനംദിന ജീവിതത്തിൽ ഉണ്ടായ രസകരമായ സംഭവങ്ങൾ ആണ് ഇതിലെ പ്രതിപാദ്യം കുട്ടികളെ എന്നപോലെ മുതിർന്നവരെയും രസിപ്പിക്കുന്നതാണ് ഈ കഥാസമാഹാരം

എഴുത്തുകാരൻ ആകുന്നതിനു മുമ്പ് മിസോറി നദിയിലെ ബോട്ട് ഡ്രൈവറായ സാമുവൽ ക്ലെമറ്റ് എന്ന മാർക് ടിയിൻ അദ്ദേഹത്തിൻറെ ജീവിതവും കുട്ടികൾക്ക് ഏറെ പ്രേരണ ജനകമാണ്. സ്വതന്ത്ര വിവർത്തനത്തിന്റെ പാതയിലൂടെ സഞ്ചരിക്കുന്ന ദീപേഷ് കെ രവീന്ദ്രനാഥ് ഈ കഥ മൊഴിമാറ്റത്തിലൂടെ വിവർത്തനം ചെയ്ത സുഖ തമായ വായന അനുഭവമാക്കി മാറ്റിയിട്ടുണ്ട്

മാളവിക എസ്

## പഴഞ്ചൊല്ലുകൾ

1) അടിതൊട്ടു മുടിവരെ
2) ഇരയിട്ടു മീൻ പിടിക്കുക
3) ഉരലുയ്ക്കുഷേരി
4) അടിയറ പറിക്കുക
5) ഉണ്ണുന്ന ചോറിൽ കല്ലിടരുത്
6) തനിക്കു താനും പുരയ്ക്കുത്തൂണും
7) അടിതടുക്കാം ഒടി തടുത്തു കൂടാ
8) കടയ്ക്കൽ നനച്ചേ തലയ്ക്കൽ പൊടിക്കൂ
9) ആനമെലിഞ്ഞാലും ആടോളമാകില്ല
10) വെട്ടൊന്ന് മുറി രണ്ട്

BY, SREELEKSHMI.P

# എന്റെ ഭാഷ

കേരളത്തിന്റെ ഈ ഔദ്യോഗിക ഭാഷാ പ്രതിജ്ഞ ആരുടെ വരികളാണ്? അതിനു പിന്നിൽ രസകരമായ കഥയുണ്ട്. 2015 ഏപ്രിൽ 22 നു തിരുവനന്തപുരത്തെ "മലയാളം പള്ളിക്കൂടം" സ്കൂളിൽ എം.ടിയും, കവി പ്രൊഫ. വി. മധുസൂദനൻ നായരും പങ്കെടുക്കുന്ന ചടങ്ങ്. മധുസൂദനൻ നായർ എം ടി.യോട് വന്നിരിക്കുന്ന കുട്ടികൾക്ക് മലയാളത്തെ കുറിച്ച് രണ്ടുവാക്കു പറഞ്ഞു കൊടുക്കാൻ അഭ്യർത്ഥിക്കുന്നു . എം ടി ചോക്കെടുത്തു അവിടെയുള്ള ബ്ലാക്ക് ബോർഡിൽ പെട്ടെന്ന് എഴുതിയ വരികളാണ് മുകളിൽ എഴുതിയത്.

ഭാഷയോടുള്ള ഇഷ്ടം, ഓർമ, പരിസ്ഥിതി, ബന്ധങ്ങൾ എന്നിവല്ലാം ചേർന്ന ലളിതമായ വരികൾ മധുസൂദനൻ സാറിനു വളരെ ഇഷ്ടപ്പെടുകയും, പ്രതിജ്ഞയാക്കാമല്ലോ എന്ന് ചിന്തിച്ചു,അപ്പോൾ തന്നെ എഴുതിയെടുത്ത് ഔദ്യോഗിക ഭാഷാ പ്രതിജ്ഞയായി പ്രഖ്യാപിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്തു.
സർക്കാർ അത് അംഗീകരിക്കുകയും 2016 ഫെബ്രുവരി 15 നു, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് പ്രതി നിധികൾ കോഴിക്കോട് എം ടിയുടെ വീട്ടിൽ എത്തി സർക്കാർ തീരുമാനം അറിയിക്കുകയും, ചെറിയൊരു തിരു ത്തോടെ സർക്കാർ തീരുമാനം എം ടി സ്വാഗതം ചെയ്യുകയുമായിരുന്നു.
വിദ്യാലയങ്ങളിലും, ഓഫിസുകളിലും, ഭാഷാ പരമായ വിശേഷദിനങ്ങളിലും ചൊല്ലാനായി, ഈ ഭാഷാ
പ്രതിജ്ഞ 2016ൽ തന്നെ മാതൃഭാഷാ ദിനമായ ഫെബ്രുവരി 21ന് ഔദ്യോഗികമായി പ്രകാശനം ചെയ്യുകയും ചെയ്തു

ദേവിക എസ്
7b

# ഒരു അപരിചിതനായ മനുഷ്യൻ

നാട്ടിൽ തിരിച്ചെത്തിയപ്പോഴാണ് ഞാൻ എന്റെ ഭൂതകാലം ഓർത്തത്. ഇവിടെ നിന്ന് ഏതാണ്ട് ആയിരത്തഞ്ഞൂറ് കിലോമീറ്ററോളം ദൂരെ ഒരുനഗരം. ഞാൻ അവിടെ എത്തുമ്പോൾ എനിക്ക് 20 വയസ്സ്. ഞാൻ ഒരു കാളവണ്ടിയിൽ മദ്രാസിലെക്ക് ജോലി അവശ്യത്തിനായി പോയി. എന്നാൽ ഞാൻ അവിടെ ചെന്നപ്പോൾ എനിക്ക് എന്താണവിടെ നടക്കുന്നതെന്ന്മനസ്സിലായില്ല. എല്ലാവരും സ്വന്തം കാര്യം നോക്കിയാണ് നടക്കുന്നത്. ആർക്കും സമയമില്ല. എനിക്ക് ആരോടും ഒന്നും ചോദിക്കാൻ സാധിച്ചില്ല. കാരണം എനിക്ക് അവരുടെ ഭാഷ അറിയില്ല.

എന്റെ കൈയിൽ ഒരു അഡ്രസ്സ് ഉണ്ടായുരുന്നു. ജോലി സ്ഥലത്തിന്റെ അഡ്രസ്സ് ആണത്. ഞാൻ അതെന്റെകോട്ടുപോക്കറ്റിലാണ് ഇട്ടിരുന്നത് എന്നാൽ ഇപ്പോൾ  അത് കാണുന്നില്ല. എനിക്ക് ഒരു എത്തും പിടിയും കിട്ടിയില്ല. ലക്ഷ്യമില്ലാതെ ഞാൻ നെരെ നടന്നു. അങ്ങനെ ഞാൻ നോക്കിയപോൾ കുറയെ അളുകൾ കൂടിനിൽക്കുന്നത് കണ്ടു.ഞാൻ കാര്യമറിയാൻ ഒന്നു തലയിട്ടുനോക്കി. എന്തന്നാൽ ഒരു കള്ളനെ കുറേ പെർ ചെർന്ന് പിടിച്ചിരിക്കുന്നു.അയാൾ പണം മോഷ്ടിച്ചു. പിന്നെ കുറച്ചു കഴിഞ്ഞപ്പോൾ എല്ലാവരും പോയി എന്നാൽ കള്ളനവിടെ ഉണ്ടായിരുന്നു.അയ്യാൾ ഒരു മലയാളി ആണെന്ന് എനിക്ക് മനസ്സിലായി. ഞാൻ ചോദിച്ചു ഇവിടെ അടുത്ത് ഒരു കമ്പനി ഉണ്ട്. അവിടുത്തെ വഴി എനിക്ക് ഒന്ന് കാട്ടി തരാമോ.

അദ്ദേഹം പറഞ്ഞു അതിനെന്താ. അപ്പോഴാണ് എന്റെ ശ്വാസം നേവീണത്. മറ്റാരും സഹായിക്കാൻ ഇല്ലാത്ത എന്നെ അദ്ദേഹം രക്ഷിച്ചു. ഒരുദയ അദ്ദേഹത്തിന്റെ മുഖത്ത് ഞാൻ കണ്ടു. പിന്നെ ഞാൻ കമ്പനിയിൽ എത്തിയപ്പോഴാണ് അദ്ദേഹത്തിന്റെ പേര് ചോദിച്ചില്ല എന്ന കാര്യം ഓർത്തത്. ഞാൻ ഇറിങ്ങി ചുറ്റും നോക്കി. ഒരു മായപോലെ അദ്ദേഹം എങ്ങോ മറഞ്ഞു. കറുത്ത കോട്ടും,ചുവന്ന തലപ്പാവും,വിടർന്നകണ്ണും,കറുത്ത പുരികവുമുള്ള അദ്ദേഹത്തിന്റെ പേര് അറിയില്ലെങ്കിലും ഞാൻ അദ്ദേഹത്തെ ഇപ്പോഴും ഓർക്കുന്നു.

by,

Sreelekshmi.p

7-B

## കവിതയുടെ ജനനം

കവിത രചിക്കുവാൻ കവിയത്രി അല്ല ഞാൻ
കരയാതിരിക്കുവാൻ കൽപ്പാവയല്ല ഞാൻ കാഴ്ചകളൊക്കെ കണ്ണീർ മറക്കുമ്പോൾ
കൈകൾ അറിയാതെ എന്തോ കുറിച്ചിടുന്നു എന്തിനോ വേണ്ടി എൻ കൂട്ടർ
അവരെന്നും അതിനെ വിളിക്കുന്നു കവിത

കണ്ണിലെ കപടങ്ങൾ നവാൽ വിഴുങ്ങി
കോട്ടുന്ന കവിളോടെ കൂർത്ത കർണത്തോടെ
കരമതിൽ സ്പർശിച്ച് ചിലരെന്നും എന്നോട് പൊള്ളയായി മൊഴിയുന്നു കൊള്ളാം

കണ്ണുനിറയാത്ത നിമിഷങ്ങളിൽ കളിയാടും മന്ദസ്മിതം എൻറെ കവിളിൽ
കൊതിയോടെ ഓടിവന്നെത്തി എൻ
തുലിക കൈകളിൽ മുറുക്കെ പിടിക്കും
കവിത എഴുതുവാൻ
പക്ഷേ.. കവിത രചിക്കുവാൻ കവിയത്രി അല്ല ഞാൻ

ഓർക്കവെ ചെറുതായി
മനമൊന്നു പിടയും
ഓരോ വരികൾ കുറിക്കുമെൻ തുലിക
പിറവിയെടുക്കുന്നു വീണ്ടും ആ വരികൾ
എന്തിനോ വേണ്ടി എൻ
കൂട്ടർ അവരിന്നും അതിനെ വിളിക്കുന്നു കവിത



ശ്രുതി എസ്.
ടീച്ചർ

## സ്കൂൾ പ്രവർത്തിദിനാഘോഷത്തിലൂടെ






# എൻ തോഴി

ഏറെ നാളായി കാത്തിരുന്ന ഞാൻ
ഒരുനാളും പിരിയാത്തൊരെൻ തോഴി
എൻ കിനാവിലെ പൊൻ വസന്തമായി
എന്നെന്നും എന്നിലലിയുന്ന
നീയെന്നരുകിൽ എനിക്കായി മാത്രം
ആശ്വാസമായി എത്തുന്നു നിത്യം
അറിയുന്നു ഞാൻ നിൻറെ സ്പർശം
ശ്രവിക്കുന്നു ഞാൻ നിൻ സംഗീതം
കുളിർ തെന്നലായി വന്നെന്നെ തഴുകിയതും
അമ്മ തൻ താരാട്ടായി എന്നെ ഉറക്കിയതും
എന്നോർമ്മയിൽ എപ്പോഴും ഉതിരുന്നു
ജന്മങ്ങൾ ഏറെ കൊഴിഞ്ഞു പോയെങ്കിലും
നിനവുകൾ മാത്രം ബാക്കിയായിബീന
ഒരുപാട് ദീപങ്ങൾ എന്നിൽ കൊളുത്തിയ
എന്നെ ഞാനാക്കിയ തോഴി
എന്നെന്നും എന്നിൽ നിറയുന്ന



ബീന
മലയാളം ടീച്ചർ

# സ്വതന്ത്ര്യ ദിനാഘോഷം





ചെറുധാന്യങ്ങളുടെ അന്താരാഷ്ട്ര വർഷം 2023 ന്റെ ഭാഗമായി നടത്തിയ ഭക്ഷ്യവിഭവങ്ങളുടെ പ്രദർശനം














# NATURE

"As long as I live, I'll hear waterfalls and birds and winds sing. I'll interpret the rocks , learn the language of flood, storm,

and the avalanche. I'll acquaint myself with the glaciers and wild gardens, and get as near the heart of the world as I

can"."

BY
ARJUN
9B

# സ്നേഹം

സ്നേഹം, പ്രേമം, പ്രണയം. എത്രയോ തവണ നമ്മൾ പറയുന്ന വാക്കുകളാണ് ഇവയൊക്കെ. എന്നാൽ ഇതൊക്കെ വെറും പര്യായപദങ്ങളാണെന്ന് കരുതുന്നവരാണ് നമ്മളിൽ ഏറെപ്പേരും. അല്ലെങ്കിൽ എന്തോ ചില ഭേദങ്ങൾ പദാർത്ഥങ്ങളിൽ ഉണ്ടെന്ന് കരുതിയിട്ട് അതെന്താണെന്ന് അറിയാത്തവരാകും.

"സ്നേഹമാണഖിലസാരമൂഴിയിൽ" എന്നൊക്കെ കവിവചനങ്ങൾ ഉദ്ധരിക്കുന്നതല്ലാതെ അതിനപ്പുറം ഒന്ന് വ്യക്തമാക്കാൻ ആർക്കും സാധിക്കാറില്ല. എന്തിനേറെ, നമ്മുടെ കുട്ടികൾ അടുത്ത് വന്ന ചോദിക്കുമ്പോൾ കൃത്യമായ ഒരു ഉത്തരം പറയാനാകാതെ പരുങ്ങുന്നവരാണ് അച്ഛനമ്മമാർ.

എൻ്റെ അഭിപ്രായത്തിൽ പ്രണയം പ്രത്യേകിച്ച് ഒരു  പെണ്ണിനോടോ അല്ലെങ്കിൽ ഒരു ആണിനോടോ ആകണമെന്നില്ല.

നമുക്ക് സ്നേഹം എന്തിനോടും എങ്ങനെയുമാകാം. എന്നാൽ സ്നേഹത്തിന്റെ വ്യത്യസ്തമായ അർത്ഥതലങ്ങളാണ് നാം ഓരോരോ സമയത്ത് ഉപയോഗിക്കുന്നത്. മീരയ്ക്ക് കൃഷ്ണനോട് തോന്നിയത് അനുഭൂതിയാണ്. അതുകൊണ്ട് തന്നെ അതൊരു പ്രേമമാണ്. ശ്രദ്ധയ്ക്ക് കൃഷ്ണനോട്എ തോന്നിയതും പ്രേമമാണ്. രണ്ടും പ്രേമമാണെങ്കിൽ കൂടി അവയ്ക്കുള്ളിലും ചെറിയ ഭേദഭാവങ്ങൾ കണ്ടെത്താം. എന്നാൽ, നമ്മിൽപലർക്കും കൃഷ്ണനോട് തോന്നുന്നത് ഭക്തി മാത്രമാണ്.

അതിൽ ആരാധന കലർന്നാൽ ഭക്തിയാകും. [സ്നേഹം + ആരാധന = ഭക്തി]

എന്നാൽ, മതിപ്പോ ഔന്നത്യമോ ചേർന്നതാണെങ്കിൽ അത് ബഹുമാനമാകും. [സ്നേഹം + മതിപ്പ് = ബഹുമാനം]

സ്നേഹം ആത്മാവറിഞ്ഞ അനുഭൂതിയാണെങ്കിൽ പ്രേമമാകും. പ്രേമത്തെ ഒരല്പം കൂടി ഫീൽ ചേർത്താൽ പ്രണയം എന്ന് വിളിക്കാം. [സ്ബഹം + അനുഭൂതി = പ്രേമം / പ്രണയം]

സാധാരണയായി ഈ അനുഭൂതി ആൺ-പെൺ ബന്ധത്തിലായതിനാൽ പ്രണയത്തെ (പ്രേമത്തെ) അങ്ങനെയൊരു തലത്തിലേ ജനം കാണൂ.

ഞാനെൻ്റെ ക്ലാസ്സിലെ കുട്ടികളോട് എന്നും പ്രണയത്തിലായിരുന്നു. പഠിപ്പിക്കുന്ന വിഷയത്തെ പ്രണയിക്കാൻ ഞാൻ പറയുമായിരുന്നു. they have to be in love with their subject.

ഇവിടെ ജ്യോതിക്കും എനിക്കും നമ്മിൽ മറ്റ് പലർക്കും തോന്നുന്നത് സഹപാഠിക്കൂട്ടത്തോടുള്ള പ്രണയമാണ്. കാരണം, അത് വെറും സ്നേഹമല്ല; അനുഭൂതി സംഭവിക്കുന്ന സ്നേഹമാണത്.

ഞാൻ ഈ വിസ്തരിച്ചതിനെ നമ്മൾ കൂടുതൽ ആശ്രയിക്കുന്ന സായിപ്പിൻ്റെ ഭാഷയിൽ ഒരൊറ്റ വാക്കിലേ പറയാനാകൂ - LOVE.

ഷിജി യു

## എന്റെ മലയാളം

കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷാ പ്രതിജ്ഞ താഴെ കൊടുക്കുന്നു.

." എന്റെ ഭാഷ
എന്റെ വീടാണ്.
എന്റെ ആകാശമാണ്.
ഞാൻ കാണുന്ന നക്ഷത്രമാണ്. എന്നെ തഴുകുന്ന കാറ്റാണ്.
എന്റെ ദാഹം ശമിപ്പിയ്ക്കുന്ന കുളിർ വെള്ളമാണ്.
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്. ഏതു നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്. എന്റെ ഭാഷ ഞാൻ തന്നെയാണ്. "
കേരളത്തിന്റെ ഈ ഔദ്യോഗിക ഭാഷാ പ്രതിജ്ഞ ആരുടെ വരികളാണ്?
അതിനു പിന്നിൽ രസകരമായ കഥയുണ്ട്. 2015 ഏപ്രിൽ 22 ന തിരുവനന്തപുരത്തെ "മലയാളം പള്ളിക്കൂടം" സ്കൂളിൽ
എം.ടിയും, കവി പ്രൊഫ. വി. മധുസൂദനൻ നായരും പങ്കെടുക്കുന്ന ചടങ്ങ്.
മധുസൂദനൻ നായർ എം ടി.യോട് വന്നിരിക്കുന്ന കുട്ടികൾക്ക് മലയാളത്തെ കുറിച്ച് രണ്ടുവാക്കു പറഞ്ഞു കൊടുക്കാൻ അഭ്യർത്ഥിക്കുന്നു . എം ടി ചോക്കെടുത്തു അവിടെയുള്ള ബ്ലാക്ക് ബോർഡിൽ പെട്ടെന്ന് എഴുതിയ വരികളാണ് മുകളിൽ എഴുതിയത്.

ഭാഷയോടുള്ള ഇഷ്ടം, ഓർമ, പരിസ്ഥിതി, ബന്ധങ്ങൾ എന്നിവല്ലാം ചേർന്ന ലളിതമായ വരികൾ മധുസൂദനൻ സാറിനു വളരെ ഇഷ്ടപ്പെടുകയും, പ്രതിജ്ഞയാക്കാമല്ലോ എന്ന് ചിന്തിച്ചു,അപ്പോൾ തന്നെ എഴുതിയെടുത്ത് ഔദ്യോഗിക ഭാഷാ പ്രതിജ്ഞയായി പ്രഖ്യാപിയ്ക്കാൻ സർക്കാരിനോട് ശുപാർശ ചെയ്തു.
സർക്കാർ അത് അംഗീകരിയ്ക്കുകയും 2016 ഫെബ്രുവരി 15 നു, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് പ്രതി നിധികൾ കോഴിക്കോട് എം ടിയുടെ വീട്ടിൽ എത്തി സർക്കാർ തീരുമാനം അറിയിക്കുകയും, ചെറിയൊരു തിരു ത്തോടെ സർക്കാർ തീരുമാനം എം ടി സ്വാഗതം ചെയ്യുകയുമായിരുന്നു.
വിദ്യാലയങ്ങളിലും, ഓഫിസുകളിലും, ഭാഷാ പരമായ വിശേഷദിനങ്ങളിലും ചൊല്ലാനായി, ഈ ഭാഷാ
പ്രതിജ്ഞ 2016ൽ തന്നെ മാതൃഭാഷാ ദിനമായ ഫെബ്രുവരി 21ന് ഔദ്യോഗികമായി പ്രകാശനം ചെയ്യുകയും ചെയ്തു

ആദിത്യൻ
7B

## എന്റെ മലയാളം

ഒരിക്കൽ അക്ബർ ചക്രവർത്തിയുടെ രാജ്യ സദസ്സിൽ ഒരു ബഹുഭാഷാ പണ്ഡിതൻ വന്നു. സദസ്സിലുണ്ടായിരുന്ന വിദ്വാൻമാരെ നോക്കി അദ്ദേഹം ഒരു വെല്ലുവിളി നടത്തി.

"എൻറെ മാതൃഭാഷ കണ്ടുപിടിക്കാൻ സാധിക്കുന്ന ആരെങ്കിലും ഈ സദസ്സിലുണ്ടോ?"

സദസ്സിലെ പലരും പല ഭാഷകളിലും സംസാരിച്ച് നോക്കി, പക്ഷേ എല്ലാ ഭാഷകളിലും ഒരേ നൈപുണ്യം പുലർത്തിയിരുന്ന പണ്ഡിതൻറെ മാതൃഭാഷ കണ്ടുപിടിക്കാൻ അവർക്കാർക്കും കഴിഞ്ഞില്ല.
ബീർബൽ മാത്രം ഒന്നും മിണ്ടാതെ നിന്നു.

രാജ്യസദസ്സിലെ വിദ്വാൻമാർക്ക് പ്രശ്നം പരിഹരിക്കാൻ ഒരു ദിവസത്തെ സമയം കൂടി അനുവദിച്ച് കൊടുത്തുകൊണ്ട് അന്ന് രാത്രി ബഹുഭാഷാ പണ്ഡിതൻ കൊട്ടാരത്തിൽ തന്നെ തങ്ങി.

രാത്രി കനത്തപ്പോൾ പണ്ഡിതൻ ഗാഢ നിദ്രയിലായി. ബീർബൽ ഒരു വടിയുമായി പതുങ്ങി ചെന്ന് പണ്ഡിതൻറെ കാലിൽ ആഞ്ഞൊരു അടി കൊടുത്തു. വേദനകൊണ്ടു പുളഞ്ഞ പണ്ഡിതൻ ഞെട്ടി എഴുന്നേറ്റ് അലറി വിളിച്ചു

"Ouch!!! Ouch!!! Who the hell is this, you scoundrel, I will kill you"

പണ്ഡിതന് മുഖം കൊടുക്കാതെ ബീർബൽ ഇരുളിൻറെ മറപറ്റി ഓടി രക്ഷപ്പെട്ടു.

പിറ്റേന്ന് രാജ്യസദസ്സിൽ എത്തിയ പണ്ഡിതന് മുൻപിൽ ബീർബൽ പറഞ്ഞു "അങ്ങയുടെ മാതൃഭാഷ ഇംഗ്ളീഷ് ആണ് എന്ന് ഞാൻ കണ്ടുപിടിച്ചിരിക്കുന്നു"

ബഹുഭാഷാ പണ്ഡിതൻ പൊട്ടി ചിരിച്ചു കൊണ്ട് പറഞ്ഞു "ബീർബൽ, നിങ്ങൾക്ക് തെറ്റിപ്പോയിരിക്കുന്നു സുഹൃത്തേ. ഞാൻ ശരിക്കും മലയാളിയാണ് എൻറെ മാതൃഭാഷ മലയാളമാണ്"

അത്ഭുതസ്തബ്ദനായ ബീർബൽ ചോദിച്ചു " മഹാനുഭാവാ, വേദനിക്കുമ്പോഴും, അപകടത്തിൽ പെടുമ്പോഴും ഒക്കെ മനുഷ്യർ അറിയാതെ മാതൃഭാഷ പറഞ്ഞുപോകും എന്നാണല്ലോ ഞാൻ പഠിച്ചിരുന്നത്, എന്നിട്ട് അങ്ങേക്ക് വേദനിച്ചപ്പോൾ അവിടുന്ന് ഇംഗ്ലീഷ് ആണല്ലോ പറഞ്ഞത്, അതെങ്ങിനെ?"

പണ്ഡിതൻ പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു

"ഞാൻ പഠിച്ചത് മലയാളം പറഞ്ഞാൽ ശിക്ഷയുള്ള സി ബി എസ് സി സ്കൂളിലാണ്"

# വരകളിലൂടെ







# ഞങ്ങളുടെ എഡിറ്റോറിയൽ ടീം



സമർപ്പണം ലിറ്റിൽകൈറ്റ്സ് ടീം









# നന്ദി